# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

## 14-ാം ധനകാര്യ കമ്മീഷൻ

5249 ശ്രീ. പി. എ. മാധവൻ
,, അൻവർ സാദത്ത്
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 14-ാം ധനകാര്യ കമ്മീഷനു മുമ്പിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അറിയിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ധനകാര്യ കമ്മീഷൻ അനുവർത്തിക്കുന്ന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>2012- 2013 വര്‍ഷത്തെ റവന്യൂ നികുതി</u>

5250 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

2012-2013 വര്‍ഷത്തെ റവന്യൂ നികുതി വരവും വരവിന്റെ വര്‍ദ്ധന നിരക്കും വകുപ്പുകള്‍ തിരിച്ച് കണക്കുകള്‍ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച തുക</u>

5251

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന പ്ലാൻ ഫണ്ടിൽ നിന്നും നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദവിവരം നൽകുമോ;

(ബി) വകുപ്പുകൾ തിരിച്ചുള്ള ഫൈനൽ സ്റ്റേറ്റ്മെന്റ് നൽകുമോ;

(സി) പ്രസ്തുത ഫണ്ടിൽ നിന്നും പൂർണ്ണമായും ചെലവഴിച്ച കണക്ക് വിവരം നൽകുമോ;

(ഡി) 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സഹായ ഇനത്തിൽ ലഭിച്ച ആകെ തുക എത്ര; വിനിയോഗിച്ച തുക എത്ര?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

ബഡ്ജറ്റ് പ്രൊവിഷൻ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് സംവിധാനം

5252

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഓരോ വകുപ്പുകൾക്കുമുള്ള ബഡ്ജറ്റ് പ്രൊവിഷൻ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ധനകാര്യ വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്</u>

5253 ശ്രീ.എം. പി. വിൻസെന്റ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' ആർ. സെൽവരാജ്
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി</u>

5254 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ധനകാര്യ സ്ഥാപനങ്ങളുടെ പലിശ ഈടാക്കുന്നതു സംബന്ധിച്ച് ഏകീകൃത മാനദണ്ഡം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് കേന്ദ്രനിയമത്തിന് അനുസൃതമാണോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 2.07.2013–ലെ മറുപടിക്ക്

<u>കേന്ദ്ര ചിട്ടിനിയമം നടപ്പാക്കുവാൻ നടപടി</u>

5255 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ചിട്ടിനിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിരിക്കുന്ന സാഹചര്യത്തിൽ എല്ലാ ചിട്ടികളും നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മുഴുവൻ ചിട്ടികളും രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ ജീവനക്കാർ രജിസ്ട്രേഷൻ വകുപ്പിൽ ഇല്ലെന്ന കാര്യം വകുപ്പുതലത്തിലോ, സർക്കാർ തലത്തിലോ വിലയിരുത്തിയിട്ടുണ്ടോ;

(സി) വ്യാജ ചിട്ടികളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര ചിട്ടി നിയമം കർശനമായും, ഫലപ്രദമായും സംസ്ഥാനത്ത് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേന്ദ്ര ചിട്ടിനിയമം നടപ്പാക്കുന്നതിനായി ആവശ്യമായ തസ്തികകൾ രജിസ്ട്രേഷൻ വകുപ്പിൽ സൃഷ്ടിക്കുന്നതിനുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ആപ്പിൾട്രീ എന്ന സ്വകാര്യ ചിട്ടി സ്ഥാപനം</u>

5256 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം പുതുപ്പള്ളി ആസ്ഥാനമായി പ്രവർത്തിക്കുന്ന ആപ്പിൾ ട്രീ എന്ന സ്വകാര്യ ചിട്ടി സ്ഥാപനം വൻതോതിൽ നിക്ഷേപം ജനങ്ങളിൽ നിന്നും വാങ്ങിയെടുത്തിട്ടുണ്ട് എന്ന മാധ്യമ വാർത്തകൾ ധനവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ആരുടെ പേരിലാണ് ഈ സ്ഥാപനം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നത്; ഇതിന്റെ മാനേജിംഗ് ഡയറക്ടർ, ഡയറക്ടർമാർ, ഇവർ ആരെല്ലാമാണ്;

(സി) ഈ സ്ഥാപനത്തിന് എത്ര ബ്രാഞ്ചുകളുണ്ട്;

(ഡി) എത്ര രൂപയുടെ ചിട്ടി നടത്താനാണ് ഇവർക്ക് അംഗീകാരം നൽകിയിട്ടുള്ളത്;

(ഇ) നിക്ഷേപമായും ചിട്ടിനടത്തിപ്പുമായും എത്ര കോടി രൂപയുടെ ബിസിനസ് ഈ സ്ഥാപനം നടത്തിവരുന്നുണ്ട്; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>അനധികൃത സ്വകാര്യ ധനമിടപാടു സ്ഥാപനങ്ങൾ</u>

5257 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എത്ര എണ്ണമുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ;

(ബി) അനധികൃതമായി പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ ഏതെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്വകാര്യമായി വ്യക്തിഗത പണമിടപാടുകൾ നടത്തി നിക്ഷേപം ശേഖരിച്ച് തട്ടിപ്പു നടത്തുന്ന സംഭവങ്ങൾ അറിയാമോ; അത്തരക്കാർക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കുന്നത്?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റിക്കവറി നടപടികൾക്ക് മൊറട്ടോറിയം</u>

5258 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പകളിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികൾക്കും, ബാങ്കുകൾ സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികൾക്കും ഏർപ്പെടുത്തിയ മൊറട്ടോറിയം കൂടുതൽ കാലത്തേക്ക് നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തൊഴിൽ രഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പലിശ സംസ്ഥാന സർക്കാർ ഏറ്റെടുക്കുമെന്ന ബജറ്റ് നിർദ്ദേശത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ഒരു കുഞ്ഞ് ജനിക്കുമ്പോൾ പതിനായിരം രൂപ എൻഡോവ്മെന്റ് പദ്ധതി</u>

5259 ഡോ. കെ. ടി. ജലീൽ
ശ്രീമതി കെ. കെ. ലതിക
,, പി. അയിഷാ പോറ്റി
,, കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ പ്രഖ്യാപിച്ച, ഒരു കുഞ്ഞ് ജനിക്കുമ്പോൾ പതിനായിരം രൂപ എൻഡോവ്മെന്റായി ട്രഷറിയിൽ നിക്ഷേപിക്കുന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) അത്തരമൊരു പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യം സംബന്ധിച്ച് സർക്കാരിന് ബോദ്ധ്യമുണ്ടോ; എങ്കിൽ തുടർനടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>രൂപയുടെ മൂല്യം കുറഞ്ഞുവരുന്ന സ്ഥിതിവിശേഷം</u>

5260 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമേരിക്കൻ ഡോളറിനെതിരെ രൂപയുടെ മൂല്യം കുറഞ്ഞുവരുന്നത് സംസ്ഥാന ധനകാര്യ മാനേജ്മെന്റിനെ തകിടം മറിക്കാനും സംസ്ഥാനത്ത് വിലവർദ്ധനവ് ഉണ്ടാകാനും വഴിതെളിയിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ നിന്നുളള മോചനത്തിനും, സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(സി) ആയതിന് 'ഊഹക്കച്ചവടക്കാർ' കാരണക്കാരാകുന്നു എന്ന റിസർവ്വ് ബാങ്ക് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഊഹക്കച്ചവടക്കാരെ നിയന്ത്രിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ ആഘാതത്തിൽ നിന്നും രക്ഷനേടാൻ കേന്ദ്ര സർക്കാരിനോട് എന്തെങ്കിലും സഹായം സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ധനസഹായം ലഭ്യമാക്കാൻ ആവശ്യപ്പെടുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>ചെറുകിട വ്യാപാര മേഖലയിൽ വിദേശനിക്ഷേപം</u>

5261 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ഇ. പി. ജയരാജൻ
,, വി. ചെന്താമരാക്ഷൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യാപാര മേഖലയിൽ വിദേശനിക്ഷേപം അനുവദിക്കുന്നത് സംബന്ധിച്ച കേന്ദ്രസർക്കാർ തീരുമാനം കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയേയും ചെറുകിട കച്ചവടക്കാരെയും ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) കേന്ദ്രസർക്കാരിന്റെ ഈ നയം മൂലം സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധിക്കുമെന്ന് ധനകാര്യ വിദഗ്ദ്ധർ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സംസ്ഥാനങ്ങൾക്ക് അവരുടെ ഇഷ്ടാനുസരണം ഈ തീരുമാനം നടപ്പിലാക്കാനോ നടപ്പാക്കാതിരിക്കാനോ ഉള്ള അവകാശം ഉണ്ടെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായമെന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കോസ്റ്റ് എസ്കലേഷൻ എസ്റ്റിമേറ്റുകൾ</u>

5262 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പ് ചീഫ് ടെക്നിക്കൽ എഞ്ചിനീയർ ശ്രീ. എബ്രഹാം ജേക്കബ് എന്നാണ് ധനവകുപ്പിൽ ജോലിയിൽ പ്രവേശിച്ചത്;

(ബി) അഡീഷണൽ സി.ടി.ഇ വിജയദാസ് എന്നാണ് ധനവകുപ്പിൽ ജോലിയിൽ പ്രവേശിച്ചത്;

(സി) ശ്രീ. എബ്രഹാം ജേക്കബ് അദ്ദേഹത്തിന്റെ മുൻഗാമിയെപ്പോലെ ഐ.ഇ.എസ് ഉദ്യോഗസ്ഥനാണോ;

(ഡി) ശ്രീ. എബ്രഹാം ജേക്കബ് സി.ടി.ഇ ആയതിന് ശേഷം മൊത്തം എത്രകോടി രൂപയുടെ കോസ്റ്റ് എസ്ക്കലേഷൻ എസ്റ്റിമേറ്റുകൾ നൽകാനായി ശുപാർശ ചെയ്തിട്ടുണ്ട്;

(ഇ) മാർക്കറ്റ് നിരക്കുകളുമായി താരതമ്യ പഠനം നടത്തിയിട്ടാണോ ഇപ്രകാരം കോസ്റ്റ് എസ്ക്കലേഷൻ ശുപാർശ ചെയ്തിട്ടുള്ളത്;

(എഫ്) ഏറ്റവുമധികം എസ്ക്കലേഷൻ നൽകിയ 20 കേസുകളുടെ കരാറുകാരുടെ പേരും പ്രവൃത്തിയുടെ അടങ്കലും നൽകിയ എസ്ക്കലേഷനുകളും വിശദമായി നൽകാമോ;

(ജി) എസ്ക്കലേഷൻ നൽകാനുള്ള ശുപാർശകളിൽ എത്രയെണ്ണം സർക്കാർ തലത്തിൽ അംഗീകരിച്ചു;

(എച്ച്) എത്രയെണ്ണം ധനകാര്യസെക്രട്ടറി /ധനമന്ത്രിതലത്തിൽ അംഗീകാരം കിട്ടി;

(ഐ) ധനസെക്രട്ടറി എത്ര തുകയ്ക്കുള്ള എസ്ക്കലേഷൻ ഇതുവരെ അനുവദിച്ചു നൽകി;

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

(ജെ) സി. ടി. ഇ ഓഫീസിലെ എഞ്ചിനീയർമാർക്ക് ജില്ല തിരിച്ച് ചുമതല നൽകിയിട്ടുണ്ടോ;

(കെ) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ ആരെല്ലാമാണ് ചുമതലയിൽ; വ്യക്തമാക്കുമോ;

(എൽ) ഓരോ ചുമതലക്കാരനും കഴിഞ്ഞ 2 ധനകാര്യവർഷങ്ങളിൽ ശുപാർശ ചെയ്ത എസ്ക്കലേഷൻ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>എം.എൽ.എ.മാരുടെ പ്രത്യേകവികസന നിധി എയിഡഡ് വിദ്യാഭ്യാസ മേഖലയിൽ വിനിയോഗിക്കാൻ അനുമതി</u>

5263 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി എയിഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നതിന് പുതുക്കിയ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടത്തേണ്ട പ്രവൃത്തികൾ</u>

5264 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു സാമ്പത്തിക വർഷം പിന്നിടുമ്പോഴും ആസ്തിവികസന ഫണ്ട് ഉപയോഗിച്ചു നടത്തേണ്ട പല പ്രവൃത്തികൾക്കും ഭരണാനുമതി ലഭിക്കാതെ പണി തുടങ്ങാൻ കഴിയാത്ത കാര്യം സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടത്തേണ്ട പ്രവൃത്തികൾ തരംതിരിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പദ്ധതികളുടെ പൂർത്തീകരണത്തിന് വേഗത കൂട്ടാൻ ഇത് എത്രത്തോളം ഉപകരിക്കുമെന്ന് വിലയിരുത്തുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം</u>

5265 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാർക്കുള്ള ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ആവശ്യങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് അനുമതിയുണ്ടോ; മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിക്കാവുന്ന പ്രവൃത്തികളെക്കുറിച്ചും പ്രസ്തുത തുക വിനിയോഗിച്ച് വാങ്ങാവുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നതിനെ സംബന്ധിച്ചും വിശദീകരണ കുറിപ്പുകൾ ധനകാര്യ വകുപ്പ് ഇറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെയും ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ അടിയന്തിരമായി ഇറക്കി മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ കാലവിളംബം ഒഴിവാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വിവിധ വകുപ്പുകളിലെ ടി.എസ്.ബി. അക്കൗണ്ടുകൾ</u>

5266 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലായി നിലവിൽ എത്ര ടി.എസ്. ബി. അക്കൗണ്ടുകൾ ഉണ്ട് ; പ്രസ്തുത അക്കൗണ്ടുകളിലായി എത്ര തുക വീതം നീക്കിയിരിപ്പുണ്ട് ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകയുടെ വിശദവിവരം നൽകുമോ ; വകുപ്പുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ടി അക്കൗണ്ടുകൾ ഏതെല്ലാം ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് നിലനിർത്തിയിരിക്കുന്നതെന്നുള്ള വിവരം നൽകുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>വിവിധ വകുപ്പുകളിലെ പി. ഡി. അക്കൗണ്ടുകൾ</u>

5267 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലായി നിലവിൽ എത്ര പി. ഡി. അക്കൗണ്ടുകൾ ഉണ്ട്; പ്രസ്തുത അക്കൗണ്ടുകളിലായി എത്ര തുക വീതം നീക്കിയിരിപ്പുണ്ട്; കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ നിക്ഷേപിച്ച തുകകളുടെ വിശദ വിവരങ്ങൾ നൽകുമോ;

(ബി) ടി അക്കൗണ്ടുകൾക്ക് നിയമ സാധുതയുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ;

(സി) പി. ഡി. അക്കൗണ്ടുകൾ നിലനിർത്തുന്നതിനുള്ള ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**2.07.2013–ലെ മറുപടിക്ക്**

<u>പദ്ധതിയിനത്തിൽ ചെലവഴിയ്ക്കാത്ത തുക</u>

5268

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷം (2012–13) പദ്ധതിയിനത്തിൽ ചെലവഴിയ്ക്കാതെവന്ന തുക ചെലവ് വരുത്തി എന്ന് കാണിയ്ക്കുന്നതിനായി ഏതെങ്കിലും വകുപ്പുകൾ പി. ഡി. അക്കൗണ്ടുകളിലോ റ്റി. എസ്. ബി അക്കൗണ്ടുകളിലോ ട്രാൻസ്ഫർ ക്രഡിറ്റ് വഴി നിക്ഷേപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;: ഉണ്ടെങ്കിൽ വകുപ്പുകൾ തിരിച്ചുളള വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് പെൻഷൻ</u>

5269 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് പെൻഷൻ അനുവദിക്കാൻ ഉത്തരവിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) എത്ര രൂപയാണ് മാസ പെൻഷൻ അനുവദിക്കുന്നത്;

(ഡി) പെൻഷൻ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

5270 ശ്രീ. കെ. എൻ. എ. ഖാദർ
'' പി. ബി. അബ്ദുൾ റസാക്
'' അബ്ദുറഹിമാൻ രണ്ടത്താണി
'' വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ജീവനക്കാർക്കുണ്ടായിരുന്ന ആശങ്കകൾ ദൂരീകരിക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ സർക്കാർ സർവ്വീസിൽ സേവനമനുഷ്ടിക്കുന്ന ജീവനക്കാർ, 2013 ഏപ്രിൽ 1-ന് ശേഷം മറ്റൊരു ഉയർന്ന തസ്തികയിൽ പി.എസ്.സി. മുഖേന നിയമനം നേടുന്ന പക്ഷം അത്തരക്കാർക്ക് ഏതു പെൻഷൻ പദ്ധതിയായിരിക്കും ബാധകമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ശമ്പള പരിഷ്കരണം</u>

5271 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഞ്ചു വർഷത്തിലൊരിക്കൽ സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം എന്ന കീഴ്‌വഴക്കം അംഗീകരിക്കുന്നുണ്ടോ;

(ബി) അടുത്ത ശമ്പള പരിഷ്കരണം 2014-ൽ നടപ്പാക്കുമോ;

(സി) അതിനായി പുതിയ ശമ്പള പരിഷ്കരണ കമ്മീഷനെ ഇപ്പോൾ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതിനായി അംഗീകൃത സർവ്വീസ് സംഘടനകളുടെ അഭിപ്രായം ആരായുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഭവന പദ്ധതി</u>

5272 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം മൂലം സംസ്ഥാനത്തെ ഒരു വിഭാഗം സർക്കാർ ജീവനക്കാർക്ക് സ്വന്തമായി ഒരു വീട് എന്നത് സ്വപ്നമായി അവശേഷിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ജീവനക്കാർക്കായി ചെലവ് കുറഞ്ഞ ഭവന പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

ജീവനക്കാർക്ക് എൽ. ടി. സി.

5273 ശ്രീ. കെ. മുരളീധരൻ
'' ജോസഫ് വാഴക്കൻ
'' ആർ. സെൽവരാജ്
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് എൽ. ടി. സി. അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരം ജീവനക്കാർക്കാണ് ഇതിന്റെ സൗകര്യം ലഭ്യമാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

ബന്ധുക്കളുടെ മരണത്തോടനുബന്ധിച്ച് ജീവനക്കാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ്

T5274 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ളവരുടെ ഭാര്യ, ഭർത്താവ് മക്കൾ എന്നവരിലാരെങ്കിലും മരണപ്പെടുന്ന സാഹചര്യത്തിൽ 7 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവനുവദിക്കണമെന്നാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ചെക്ക് പോസ്റ്റുകളിലെ അഴിമതി തടയുന്നതിന് നടപടി</u>

5275 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ ജോലിചെയ്യുന്ന എത്ര ഉദ്യോഗസ്ഥർക്കെതിരെ അഴിമതിക്കേസുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) ചെക്ക്പോസ്റ്റുകളിലെ അഴിമതി തടയുന്നതിന് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം ഉപകരണങ്ങളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

ട്രഷറികളുടെ പ്രവർത്തനം കാലാനുസൃതമാക്കുന്നതിന് നടപടി

5276 ശ്രീ. കെ. എം. ഷാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. എൻ.എ. ഖാദർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളുടെ പ്രവർത്തനം കാലാനുസൃതമാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ട്രഷറികളെ ജില്ലാട്രഷറികളായി ഉയർത്തുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ ;

(സി) ഒന്നിലേറെ ജില്ലാട്രഷറികൾ ഏതൊക്കെ ജില്ലകളിൽ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ട്രഷറികളിൽ കോർ ബാങ്കിംഗ് സൗകര്യം</u>

5277

ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. കെ. ബഷീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ട്രഷറികളിൽ കോർ ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ പുളിക്കലിൽ സബ്ട്രഷറി</u>

5278 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ സബ്ട്രഷറികൾ തുടങ്ങുന്നതിന് നിർദ്ദേശങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ 'പുളിക്കലി'ൽ ഒരു സബ്ട്രഷറി തുടങ്ങുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയില്‍ സബ്ട്രഷറികള്‍ അനുവദിക്കണമെന്ന ആവശ്യം</u>

5279 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ എം.എല്‍.എ.മാര്‍ നിവേദനം നല്‍കിയിട്ടും ബദിയടുക്ക, തൃക്കരിപ്പൂര്‍, രാജപുരം എന്നിവിടങ്ങളില്‍ സബ്ട്രഷറികള്‍ അനുവദിച്ചിട്ടില്ലെന്നും കാഞ്ഞങ്ങാട് മണ്ഡലത്തില്‍ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, എം.എല്‍.എ. എന്നിവര്‍ ആവശ്യപ്പെട്ടതല്ലാതെ എവിടെയും സബ് ട്രഷറികള്‍ അനുവദിച്ചിട്ടില്ലെന്നും 18.06.13 ന്റെ നക്ഷത്ര ചിഹ്നമിടാത്ത 2163 നമ്പര്‍ ചോദ്യത്തിന് മറുപടി നല്‍കിയത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തില്‍ എം.എല്‍.എ.യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടും എവിടെയും സബ്ട്രഷറി അനുവദിക്കാത്തതും മേല്‍പ്പറഞ്ഞവര്‍ ആവശ്യപ്പെട്ട രാജപുരം സബ്ട്രഷറി അനുവദിക്കാതിരുന്നതും എന്തുകൊണ്ടാണ്;

(സി) ജനപ്രതിനിധികളുടെ കാലാകാലങ്ങളായുള്ള നിവേദനവും സര്‍ക്കാര്‍ നടപടികളും അവഗണിച്ച് മണ്ഡലത്തിലെ മാലക്കല്ലില്‍ സബ്ട്രഷറി അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>തോടന്നൂരിൽ സബ്ട്രഷറി</u>

5280 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ല തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ തോടന്നൂർ ആസ്ഥാനമായി ഒരു സബ്ട്രഷറി സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് സബ്ട്രഷറികൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

ഭാഗ്യക്കുറികൾ നവീകരിക്കുന്നതിന് നടപടി

5281 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറികൾ തുക വർദ്ധിപ്പിക്കാതെ, കൂടുതൽ പേർക്ക് സമ്മാനങ്ങൾ ലഭിക്കത്തക്ക വിധത്തിൽ നവീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) മുഴുവൻ ഏജന്റുമാർക്കും ഗുണകരമാകുന്ന വിധത്തിൽ കമ്മീഷൻ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

ലോട്ടറി അച്ചടിയും നമ്പരിടലും സ്വകാര്യ ഏജൻസികളെ ഏല്പിക്കുന്നതിനെതിരെ നടപടി

5282 ശ്രീ. വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോട്ടറി അച്ചടിയും അതിന്റെ നമ്പരിടലും അതീവ സുരക്ഷയോടു കൂടി ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാം;

(ബി) ലോട്ടറി അച്ചടിയും അനുബന്ധ ജോലികളും സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകാൻ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ടിക്കറ്റിന്റെ നമ്പറിംഗിന് സ്വകാര്യ കമ്പനികളിൽ നിന്നുള്ള ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഹൈക്കോടതി വിധിയുടെ ലംഘനമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലോട്ടറി ടിക്കറ്റിന്റെ അച്ചടിയും അനുബന്ധ ജോലികളും സ്വകാര്യ ഏജൻസികളെ ഏല്പിക്കുവാൻ നടക്കുന്ന നീക്കങ്ങൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം</u>

5283 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബനവലന്റ് ഫണ്ട് വഴിയുള്ള ചികിത്സാ ധനസഹായം</u>

5284 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്ന് സഹായത്തിനായി അപേക്ഷിച്ച രോഗി മരിച്ചുപോയാൽ ചികിത്സാ ചെലവ് കുടുംബത്തിന് നൽകുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>

T5285

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തെ എത്ര ആശുപത്രികളിൽ ഡയാലിസിസ് സംവിധാനം സജ്ജമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ബന്ധപ്പെട്ട ആശുപത്രികളുടെ പേര് സഹിതം വെളിപ്പെടുത്തുമോ;

(ബി) അടൂർ നിയോജകമണ്ഡലത്തിലെ അടൂർ ജനറൽ ആശുപത്രിയെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അടൂർ ജനറലാശുപത്രിയിൽ കൂടി ഈ സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കാരുണ്യ ചികിത്സാ പദ്ധതി</u>

5286 ശ്രീ.ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാരുണ്യ ചികിത്സാ പദ്ധതിയിൽ സംസ്ഥാനത്തിലേയും മറ്റു സംസ്ഥാനങ്ങളിലേയും ഏതെല്ലാം ആശുപത്രികളാണ് ഉൾപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് ചികിൽസാ സഹായം വർദ്ധിപ്പിക്കാൻ നടപടി</u>

5287

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽ ചികിൽസാ സഹായം പരമാവധി രണ്ടുലക്ഷം രൂപ നൽകുന്നത് പലരോഗ ചികിൽസയ്ക്കും പര്യാപ്തമല്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിൽസാ ചെലവ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ശയ്യാവലംബികളായ രോഗികള്‍ക്ക് കാരുണ്യ ബനവലന്റ് പദ്ധതി ആനുകൂല്യങ്ങള്‍</u>

5288 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ശയ്യാവലംബികളായ രോഗികളെ പരിപാലിക്കുന്നതിന് ഉണ്ടാകുന്ന ചെലവും ബുദ്ധിമുട്ടും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇവര്‍ക്ക് കാരുണ്യ ബനവലന്റ് പദ്ധതിയില്‍ നിന്നും ആനുകൂല്യങ്ങള്‍ ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്</u>

5289 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തി താലൂക്ക് ആസ്ഥാനങ്ങളിലുള്ള ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ പുതുതായി പ്രഖ്യാപിച്ച കൊണ്ടോട്ടി താലൂക്ക് ആസ്ഥാനത്തുള്ള സർക്കാർ ആശുപത്രിയിലും ഒരു ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 2.07.2013-ലെ മറുപടിക്ക്

<u>പ്രത്യേക വികസന പദ്ധതികൾ പ്രകാരമുള്ള പ്രവൃത്തികൾ</u>

5290 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക വികസനത്തിന് മുൻഗണനാക്രമത്തിലുള്ള പ്രത്യേക വികസന പദ്ധതികൾ പ്രകാരമുള്ള പ്രവൃത്തികൾക്ക് ആകെ എത്ര പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടെന്നും, അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രൊപ്പോസൽ ലഭിച്ച ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്നും, അവ ഏതെല്ലാമെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>പ്രത്യേക വികസന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നിന്നുള്ള പ്രൊപ്പോസൽ</u>

5291 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക വികസനത്തിന് മുൻഗണനാക്രമത്തിലുള്ള പ്രത്യേക വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് മലപ്പുറം ജില്ലയിൽ നിന്നും എത്ര പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്; അവ ഏതെല്ലാം;

(ബി) മലപ്പുറം ജില്ലയിൽ നിന്നും പ്രൊപ്പോസൽ ലഭിച്ച എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്; അവ ഏതെല്ലാം;

(സി) മലപ്പുറം ജില്ലയിൽ നിന്നും പ്രൊപ്പോസൽ ലഭിച്ച എത്ര പ്രവൃത്തികളാണ് ഭരണാനുമതി നൽകാതെ നിരസിച്ചിട്ടുള്ളതെന്നും, അവ ഏതെല്ലാമെന്നും, നിരസിക്കാനുള്ള കാരണസഹിതം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള ഫണ്ട് വിതരണം</u>

5292 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്രത്യേക ഘടക പദ്ധതി പ്രകാരം എസ്.സി/എസ്.റ്റി വിഭാഗക്കാർക്കായി പ്ലാൻ ഫണ്ട് വിതരണം ചെയ്യുന്നത് ഏത് വർഷത്തെ സെൻസസ് പ്രകാരമാണെന്ന് അറിയിക്കാമോ;

(ബി) 2001 ന് ശേഷം ജില്ലയിൽ മലയ, മലവേട്ടുവ എന്നീ വിഭാഗക്കാരെ എസ്.സി.യിൽ നിന്ന് എസ്.റ്റി യിലേക്ക് മാറ്റിയതിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള ജനസംഖ്യാനുപാത മാറ്റത്തിനനുസരിച്ച് ഫണ്ട് വിതരണത്തിൽ മാറ്റം വരുത്തിയിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) അശാസ്തീയമായ ഈ ഫണ്ട് വിതരണം മാറ്റണമെന്ന ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെ ആവശ്യം ഇതുവരെ പരിഗണിച്ചിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ.യുടെ വിദ്യാർത്ഥികൾക്കുള്ള സമ്പാദ്യ പദ്ധതി

5293 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ സമ്പാദ്യശീലം വളർത്തുന്നതിനുവേണ്ടി കെ.എസ്.എഫ്.ഇ. യുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) കെ.എസ്.എഫ്.ഇ.യുടെ എല്ലാ ബ്രാഞ്ചുകളിലും വിദ്യാർത്ഥികൾക്കുള്ള സമ്പാദ്യ പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) കെ.എസ്.എഫ്.ഇ. ജീവനക്കാർ സ്കൂളിലെത്തി കുട്ടികളുടെ സമ്പാദ്യ പദ്ധതിയിലേക്കുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**2.07.2013-ലെ മറുപടിക്ക്**

<u>എല്ലാ പഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ. ശാഖകൾ</u>

5294 ശ്രീ. പി.സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ. യുടെ ശാഖകൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്പോൾ എത്ര പഞ്ചായത്തുകളിലാണ് കെ.എസ്.എഫ്.ഇ. ശാഖകൾ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ശാഖകൾ ഇല്ലാത്ത പഞ്ചായത്തിൽ എത്ര നാൾക്കകം ഇവ തുടങ്ങുവാനാണ് ലക്ഷ്യമിട്ടിട്ടുളളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. ചിട്ടികൾ</u>

5295 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.എ. യുടെ കീഴിൽ എത്ര തരം ചിട്ടികൾ നടക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഈ ചിട്ടികൾ എല്ലാ ജില്ലകളിലും നിലവിലുണ്ടോ;

(സി) ജില്ലകളിൽ മാത്രമായി ഏതെങ്കിലും ചിട്ടികൾ നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 2.07.2013–ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷക്കായി കെ.എഫ്.സി. പദ്ധതികൾ</u>

5296 ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
,, പി.എ. മാധവൻ
,, ആർ. സെൽവരാജ്
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷ അനുബന്ധപ്രവർത്തനങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് കെ.എഫ്.സി. ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് പദ്ധതിയനുസരിച്ച് പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയനുസരിച്ച് എന്തെല്ലാം വായ്പകളാണ് നൽകാനുദ്ദേശിക്കുന്നത്;

(ഡി) വായ്പകളെയും ഇളവുകളെയും സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി</u>

5297 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്കരിക്കുന്നതിനും പുതിയ നിയമങ്ങൾ കൊണ്ടുവരുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>സർക്കാർ കക്ഷിയായ തീർപ്പാക്കാത്ത കേസുകൾ</u>

5298

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ കക്ഷിയായ എത്ര കേസുകളാണ് തീർപ്പ് കൽപ്പിക്കാതെ സംസ്ഥാനത്തെ കോടതികളിൽ നില നിൽക്കുന്നത്;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കേസുകൾ തീർപ്പാക്കി;

(സി) കേസുകൾ അതിവേഗം തീർപ്പ് കൽപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

സര്‍ക്കാര്‍ അഭിഭാഷകരുടെ ഒഴിവ് നികത്തുന്നതിന് നടപടി

5299 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ കോടതികളിലായി ഇപ്പോള്‍ എത്ര സര്‍ക്കാര്‍ അഭിഭാഷകരാണുള്ളത്;

(ബി) കോടതി തിരിച്ച് വ്യക്തമാക്കുമോ;

(സി) കേസ്സുകള്‍ക്ക് ആനുപാതികമായി സര്‍ക്കാര്‍ വക്കീലന്‍മാര്‍ ഇല്ലാത്തതുകൊണ്ട് സര്‍ക്കാര്‍ കേസ്സുകള്‍ പലതും തോറ്റുപോകുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) 2012-13 വര്‍ഷത്തില്‍ പാലക്കാട് ജില്ലയില്‍ എത്ര കേസ്സുകളില്‍ സര്‍ക്കാരിന് പ്രതികൂലമായ വിധിവന്നിട്ടുണ്ട്;

(ഇ) ജില്ലയില്‍ എത്ര കേസ്സുകളില്‍ അപ്പീല്‍ നല്‍കി;

(എഫ്) സര്‍ക്കാര്‍ അഭിഭാഷകരുടെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി</u>

5300

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വക്കീൽ ഗുമസ്തൻമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽക്കാണ്; ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ; ആർക്കാണ് അപേക്ഷ നൽകേണ്ടത്; ഇതു സംബന്ധിച്ച ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ;

(ബി) ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; ക്ഷേമനിധിയിലേക്ക് പണം കണ്ടെത്തുന്നത് ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ്; ഈ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ക്ഷേമനിധി തുക വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്; നിവേദനത്തിലെ മറ്റാവശ്യങ്ങൾ എന്തൊക്കെയാണ്;

(ഡി) അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് പെൻഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) അഡ്വക്കേറ്റ് ക്ലാർക്ക് അസോസിയേഷൻ നൽകിയ നിവേദനത്തിലെ ആവശ്യങ്ങൾ നടപ്പാക്കുന്നതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നു വിശദമാക്കാമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

**ഗ്രാമങ്ങളിൽ ഹൗസിംഗ് ബോർഡ് ഫ്ളാറ്റ് സമുച്ചയങ്ങൾ**

5301 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' സണ്ണി ജോസഫ്
'' ഐ. സി. ബാലകൃഷ്ണൻ
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൗസിംഗ് ബോർഡിന്റെ ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>നിർമ്മിതിയെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താൻ നടപടി</u>

5302 ശ്രീ. കെ. ശിവദാസൻ നായർ
'' ലൂഡി ലൂയിസ്
'' ബെന്നി ബെഹനാൻ
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാധാരണ ജനങ്ങൾക്ക് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉതകത്തക്കവിധം നിർമ്മിതിയെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 2.07.2013–ലെ മറുപടിക്ക്

‘കലവറ’യിലെ ഭവനനിർമ്മാണ സാമഗ്രികൾ

5303

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ കലവറകൾ എവിടങ്ങളിലൊക്കെയാണ് പ്രവർത്തിക്കുന്നത്;

(ബി) കലവറയിലൂടെ ഏതൊക്കെ സാധനസാമഗ്രികളാണ് പൊതുജനങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ലഭിക്കുക; ഓരോന്നിന്റെയും വില്പന വില, പൊതുനിരക്കുമായി താരതമ്യം ചെയ്ത് വ്യക്തമാക്കുമോ;

(സി) എ. പി. എൽ, ബി. പി. എൽ വ്യത്യാസമില്ലാതെ പൊതുജനങ്ങൾക്ക് കലവറയിൽ നിന്നും നിർമ്മാണ സാമഗ്രികൾ ലഭ്യമാകുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുജനങ്ങൾക്ക് കലവറയിൽ നിന്നും നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 2.07.2013–ലെ മറുപടിക്ക്

<u>സാഫല്യം ഭവന പദ്ധതി</u>

5304 ശ്രീ. ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാഫല്യം ഭവന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി വഴി ദുർബല വിഭാഗങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിക്ക് സന്നദ്ധ സംഘടനകളുടെ സഹകരണം ഉറപ്പാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
# 2.07.2013–ലെ മറുപടിക്ക്

<u>അഫോഡബിൾ ഹൗസിംഗ് സ്കീം</u>

5305 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി, എല്ലാവർക്കും വീട് എന്ന സർക്കാർ പദ്ധതി പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന അഫോഡബിൾ ഹൗസിംഗ് സ്കീമിന്റെ പ്രവർത്തനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ഭവനവായ്പ പദ്ധതി</u>

5306 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെയും മറ്റ് ധനകാര്യസ്ഥാപനങ്ങളുടെയും ഭവന വായ്പ പദ്ധതിയിലൂടെ ആരംഭിച്ച പല വീടുകളും പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ ;

(സി) വിലനിലവാര സൂചിക വർദ്ധിക്കുകയും രൂപയുടെ മൂല്യശോഷണം സംഭവിക്കുകയും ചെയ്ത സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് നൽകുന്ന വായ്പയുടെ പരിധി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഇല്ലെങ്കിൽ ബദൽ മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 2.07.2013-ലെ മറുപടിക്ക്

<u>ഭവന നിർമ്മാണ വകുപ്പ് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ</u>

5307 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീടില്ലാത്ത പാവപ്പെട്ടവർക്കും, താഴ്ന്ന വരുമാനക്കാർക്കും വീടു നൽകുന്നതിന് സംസ്ഥാന ഭവന നിർമ്മാണ വകുപ്പ് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ;

(ബി) ഇവർക്ക് വീട് നൽകുന്നതിനുള്ള മാനദണ്ഡം എന്തൊക്കെ എന്നു വ്യക്തമാക്കാമോ;

(സി) ഈ മാനദണ്ഡം എന്നു മുതൽ ഏർപ്പെടുത്തിയതാണ്; ഇതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മാനദണ്ഡങ്ങൾക്കാണ് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ?